**മധുരമായ കുട്ടികളേ- ഓരോ നിമിഷവും ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ, ആത്മീയ സർജനായ ബാബ നിങ്ങൾക്ക് നിരോഗിയായി മാറാൻ ഒരേ ഒരു മരുന്നാണ് നൽകുന്നത്- കുട്ടികളേ, എന്നെ ഓർമ്മിക്കൂ.**

**ചോദ്യം-** സ്വയം തന്നോടുതന്നെ എന്തെല്ലാം കാര്യങ്ങൾ സംസാരിക്കുകയാണെങ്കിൽ വളരെ അധികം ആനന്ദം അനുഭവപ്പെടും?
**ഉത്തരം-** അവനവനോട് സംസാരിക്കൂ- ഈ കണ്ണുകൾകൊണ്ട് എന്തെല്ലാമാണോ കാണുന്നത് സർവ്വതും നശിക്കേണ്ടതാണ്. ഞാനും ബാബയും മാത്രമേയുണ്ടാകൂ. മധുരമായ ബാബ നമ്മളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ഈ രീതിയിൽ സംസാരിക്കൂ. ഏകാന്തതയിലേയ്ക്ക് പോകൂ എങ്കിൽ വളരെയധികം ആനന്ദം അനുഭവപ്പെടും.

ഓംശാന്തി. പരമപിതാവായ ശിവഭഗവാന്റെ വാക്കുകളാണ്. മധുര മധുരമായ കുട്ടികൾക്ക് പുരുഷോത്തമ സംഗമയുഗത്തെ ഓരോ ചുവടിലും ഓർമ്മ വെയ്ക്കണം. ഇത് നിങ്ങൾ കുട്ടികൾ മാത്രമേ അറിയുന്നുള്ളു, അതും നമ്പർവൈസായി. ഇത് ബുദ്ധിയിൽ ഓർമ്മയുണ്ടാകണം- നമ്മൾ ഇപ്പോൾ പുരുഷോത്തമ സംഗമയുഗത്തിൽ പുരുഷോത്തമനായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ രാവണന്റെ കൂട്ടിൽ നിന്നും നമ്മളെ മോചിപ്പിക്കാൻ ബാബ വന്നിരിക്കുന്നു. ഒരു പക്ഷിയെ കൂട്ടിൽ നിന്നും പുറത്തേക്ക് വിട്ടാൽ അത് വളരെ സന്തോഷത്തോടെ പറന്ന് സുഖം അനുഭവിക്കും. നിങ്ങൾ കുട്ടികൾക്കും അറിയാം അതുപോലെ ഇതും രാവണന്റെ കൂടാണ്, ഇവിടെ അനേക പ്രകാരത്തിലുള്ള ദുഃഖം മാത്രമാണ്. ഈ കൂട്ടിൽ നിന്നും പുറത്തെടുക്കാൻ വേണ്ടിയാണ് ഇപ്പോൾ ബാബ വന്നിരിക്കുന്നത്. എല്ലാവരും മനുഷ്യർ തന്നെയാണ്. ശാസ്ത്രങ്ങളിൽ എഴുതിവെച്ചിട്ടുണ്ട് അസുരന്മാരും ദേവന്മാരും തമ്മിൽ യുദ്ധം നടന്നു അതിൽ ദേവന്മാർ വിജയിച്ചു. ഇപ്പോൾ യുദ്ധത്തിന്റെ കാര്യം തന്നെയില്ല. ഇപ്പോൾ നിങ്ങൾ അസുരനിൽ നിന്നും ദേവതയായി മാറുകയാണ്. ആസുരീയ രാവണൻ അർത്ഥം 5 വികാരങ്ങൾക്കു മേൽ നിങ്ങൾ വിജയം നേടുകയാണ്, അല്ലാതെ രാവണ സമ്പ്രദായത്തിനുമീതെയല്ല. പഞ്ചവികാരങ്ങളെയാണ് രാവണൻ എന്നു പറയുന്നത്. അല്ലാതെ ആരെയും കത്തിക്കുന്ന കാര്യമൊന്നുമില്ല. നിങ്ങൾ കുട്ടികൾ വളരെ സന്തുഷ്ടരാകുന്നു. അമിതമായ ചൂടോ തണുപ്പോ ഇല്ലാത്ത ലോകത്തിലേക്കാണ് നമ്മൾ ഇപ്പോൾ പോകുന്നത്. അവിടെ സദാ വസന്ത ഋതുവായിരിക്കും. സത്യയുഗീ സ്വർഗ്ഗത്തിലെ വസന്ത ഋതു ഇപ്പോഴാണ് വരുന്നത്. ഇവിടെയാണെങ്കിൽ വസന്ത ഋതു വരുന്നത് അല്പസമയത്തേയ്ക്കാണ്. അവിടെ വസന്ത ഋതു നിങ്ങൾക്കുവേണ്ടി അരകല്പത്തിലേയ്ക്കായാണ് വരുന്നത്, അവിടെ ചൂടൊന്നും ഉണ്ടാകില്ല. ഇതിലൂടെയും മനുഷ്യർക്ക് ദുഃഖമുണ്ടാകുന്നു. മരിച്ചുവീഴുന്നു. ഈ മുഴുവൻ ദുഃഖങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനായി അവിനാശീ സർജൻ നമുക്ക് സഹജമായ മരുന്ന് നൽകുകയാണ്. മറ്റു സർജന്റെ അടുത്തേയ്ക്ക് പോയാൽ അനേകം മരുന്നുകളുടെ ഓർമ്മയുണ്ടാകുന്നു. ഇവിടെ ഈ സർജന്റെ അടുത്താണെങ്കിൽ മരുന്നേയില്ല. കേവലം ബാബയെ ഓർമ്മിക്കുന്നതിലൂടെ തന്നെ എല്ലാ രോഗങ്ങളും ഇല്ലാതാകും അല്ലാതെ വേറെ മരുന്നൊന്നുമില്ല.

കുട്ടികൾ പറഞ്ഞിരുന്നു ഇന്ന് ചാർട്ട് എങ്ങനെ എഴുതണം എന്നതിനെക്കുറിച്ച് സെമിനാർ വെക്കാമെന്ന്. ബാബയെ എങ്ങനെ ഓർമ്മിക്കണം? എന്നതിനെക്കുറിച്ച് സെമിനാർ വെയ്ക്കാം. ഇരുന്ന് ചാർട്ടെഴുതൂ എന്ന് പറഞ്ഞ് ബാബ ബുദ്ധിമുട്ടിക്കുന്നില്ല. പേപ്പർ ചെലവാക്കേണ്ട ആവശ്യമേയില്ല. ബാബ കേവലം പറയുന്നു ബുദ്ധികൊണ്ട് അച്ഛനെ ഓർമ്മിക്കു. അജ്ഞാനകാലത്ത് അച്ഛനെ ഓർമ്മിക്കാൻ എന്താ ചാർട്ട് ഉണ്ടാക്കിയിരുന്നോ! ഇതിൽ എഴുത്തുകുത്തുകളുടെ ആവശ്യമൊന്നുമില്ല. ബാബയോട് പറയുന്നു- ബാബാ ഞങ്ങൾ അങ്ങയെ മറന്നുപോകുന്നു. ആരെങ്കിലും കേട്ടാൽ എന്ത് വിചാരിക്കും? ജീവിച്ചിരിക്കെത്തന്നെ ഞങ്ങൾ അച്ഛന്റേതായി മാറി എന്നും പറയുന്നുണ്ട്. എന്തിനാണ് ആയിമാറിയത്? അച്ഛനിൽ നിന്നും വിശ്വത്തിന്റെ ചക്രവർത്തീപദവിയുടെ സമ്പത്ത് നേടാൻ. എന്നിട്ട് ഇങ്ങനെയുള്ള അച്ഛനെ നിങ്ങൾ മറക്കുന്നത് എന്തുകൊണ്ടാണ്? ഇത്രയും ഉയർന്ന സമ്പത്ത് നൽകുന്ന അച്ഛനെ നിങ്ങൾക്ക് ഓർമ്മിക്കാൻ സാധിക്കില്ലേ! എത്ര തവണ നിങ്ങൾ സമ്പത്ത് എടുത്തിട്ടുണ്ട് എന്നിട്ടും നിങ്ങൾ മറന്നുപോകുന്നു. അച്ഛനിൽ നിന്നും സമ്പത്ത് എടുക്കണമെങ്കിൽ ഓർമ്മിക്കുകയും വേണം ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം. എന്താണ് എഴുതേണ്ടത് എന്നുള്ളത് ഓരോരുത്തരും അവരവരുടെ ഹൃദയത്തോട് ചോദിക്കൂ, നാരദന്റെ ഉദാഹരണവുമുണ്ട്. സ്വയം പറയുന്നു വളരെ വലിയ ഭക്തനാണെന്ന്. നിങ്ങൾക്കും അറിയാം നമ്മൾ ജന്മജന്മാന്തരങ്ങൾ പഴക്കമുള്ള ഭക്തരാണ്. നമ്മൾ മധുരമായ അച്ഛനെ ഓർമ്മിച്ച് എത്ര സന്തുഷ്ടരാകുന്നു. ആരാണോ കൂടുതൽ ഓർമ്മിക്കുന്നത് അവരാണ് ലക്ഷ്മീ നാരായണനെ വരിക്കുന്നതിന് യോഗ്യരായി

മാറുന്നത്. ഏതെങ്കിലും ദരിദ്രനായ കുട്ടിയെ ധനവാൻ ദത്തെടുക്കുകയാണെങ്കിൽ എത്ര സന്തോഷമുണ്ടാകും. അച്ഛനേയും സമ്പത്തിനേയുമായിരിക്കും ഓർമ്മിക്കുന്നത്. ഇവിടെയാണെങ്കിൽ അനേകം പേരുണ്ട് അവർക്ക് പരിധിയില്ലാത്ത അച്ഛന്റെ കുട്ടിയായി മാറി രാജധാനി പ്രാപ്തമാക്കുന്നതിനുള്ള ബുദ്ധി തന്നെയില്ല. അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. ഏത് അച്ഛനാണോ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നത് ആ അച്ഛനെ ഓർമ്മിക്കാൻ സാധിക്കില്ലേ. അച്ഛൻ കുട്ടികളെ ദത്തെടുക്കുന്നു. ഇങ്ങനെയുള്ള അച്ഛനെ ഓർമ്മിക്കാതിരിക്കുക എന്നത് അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. ഓരോ നിമിഷവും അച്ഛന്റെയും സമ്പത്തിന്റെയും ഓർമ്മവന്നുകൊണ്ടിരിക്കണം.

അച്ഛൻ പറയുന്നു– കളഞ്ഞുപോയി തിരികെ കിട്ടിയ മധുര മധുരമായ ഓമന മക്കളേ, നിങ്ങൾ എന്നെ വിളിച്ചത് തന്നെ ദത്തെടുക്കാൻ ആവശ്യപ്പെട്ടാണ്. അച്ഛനെ വിളിക്കാറുണ്ടല്ലോ. അച്ഛൻ തന്നെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നത്. നിങ്ങൾ വിളിക്കുന്നുമുണ്ട്– ബാബാ. ഞങ്ങൾ പതിതരെ വന്ന് മടിയിലെടുക്കൂ. സ്വയം പറയുന്നു ഞങ്ങൾ പതിതരാണ്, കക്കയാണ്, മോശമാണ്, കാലണയ്ക്ക് പോലും വിലയില്ലാത്തവരാണ്. പരിധിയില്ലാത്ത അച്ഛനെ നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ വിളിച്ചുകൊണ്ടിരുന്നു. ഇപ്പോൾ അച്ഛൻ പറയുന്നു ഭക്തിമാർഗ്ഗത്തിലും നിങ്ങൾക്ക് അത്ര ദുഃഖമൊന്നും ഉണ്ടായിരുന്നില്ല. ഇപ്പോൾ മനുഷ്യർക്ക് എത്ര ദുഃഖമാണ്. അച്ഛൻ വന്നിരിക്കുകയാണ് അതിനാൽ ഇത് തീർച്ചയായും വിനാശത്തിന്റെ സമയമാണ്. നിങ്ങൾക്ക് അറിയാം ഈ യുദ്ധത്തിനുശേഷം എത്ര ജന്മങ്ങളിൽ, എത്ര വർഷങ്ങളിൽ, യുദ്ധമെന്ന പേരുപോലും ഉണ്ടാകില്ല. ഒരിയ്ക്കലും യുദ്ധം ഉണ്ടാകില്ല. ദുഃഖം രോഗം എന്നീ പേരുകൾ പോലും ഉണ്ടാകില്ല. ഇപ്പോഴാണെങ്കിൽ എത്ര തരം അസുഖങ്ങളാണ്. അച്ഛൻ പറയുന്നു– മധുരമായ കുട്ടികളേ, ഞാൻ നിങ്ങളെ സർവ്വദുഃഖങ്ങളിൽ നിന്നും മോചിപ്പിക്കുന്നു. നിങ്ങൾ ഓർമ്മിച്ചിരുന്നു– അല്ലയോ ഭഗവാനേ, വന്ന് ദുഃഖത്തെ ഇല്ലാതാക്കൂ, സുഖവും ശാന്തിയും നൽകൂ. ഇത് രണ്ടും എല്ലാവരും യാചിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇവിടെ അശാന്തിയാണ്. ശാന്തിസ്ഥാപിക്കാൻ ആരാണോ ഉപദേശം നൽകുന്നത് അവർക്ക് സമ്മാനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. പാവങ്ങൾക്ക് ശാന്തി എന്ന് എന്തിനേയാണ് പറയുന്നത് എന്നതുപോലും അറിയില്ല. മധുരമായ അച്ഛനിലൂടെയല്ലാതെ മറ്റാരിലൂടെയും ശാന്തി ലഭിക്കുക സാധ്യമല്ല. മനസ്സിലാക്കിക്കൊടുക്കാൻ നിങ്ങൾ എത്ര പരിശ്രമിക്കുന്നു. എന്നിട്ടും മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് ഗവൺമെന്റിനോടും ചോദിക്കാൻ സാധിക്കും– അനാവശ്യമായി എന്തിനാണ് പൈസ കളയുന്നത്? ശാന്തിയുടെ സാഗരൻ ഒരേ ഒരു അച്ഛനാണ്, അച്ഛൻ തന്നെയാണ് വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നത്. ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് നല്ല നല്ല കടലാസുകളിൽ വളരെ രാജകീയമായി കത്ത് എഴുതണം. നല്ല കടലാസ് കാണുമ്പോൾ മനസ്സിലാക്കും ഇത് ഏതോ വലിയ ആളുടെ കത്താണ്. പറയൂ, താങ്കൾ പറയുന്ന വിശ്വത്തിലെ ശാന്തി, വീണ്ടും ലഭിക്കുന്നതിനായി ഇതിനു മുമ്പ് എപ്പോഴാണ് ഉണ്ടായിരുന്നത്? തീർച്ചയായും എപ്പോഴെങ്കിലും ലഭിച്ചിട്ടുണ്ടാകും. നിങ്ങൾക്ക് അറിയാം, അതിനാൽ നിങ്ങൾക്ക് തിയ്യതിയും സമയവുമെല്ലാം എഴുതാൻ സാധിക്കും. അച്ഛൻ തന്നെയാണ് വന്ന് വിശ്വത്തിൽ ശാന്തിയും സുഖവും സ്ഥാപിച്ചത്. അത് സത്യയുഗത്തിന്റെ സമയമായിരുന്നു. ഈ ലക്ഷ്മീ നാരായണനാണ് രാജവംശത്തിലെ അടയാളം. ബ്രഹ്മാവിന്റേയും നിങ്ങൾ കുട്ടികളുടേയും പാർട്ടിനെക്കുറിച്ച് ആർക്കും അറിയില്ല. മുഖ്യമായ പാർട്ട് ബ്രഹ്മാവിന്റേതല്ലേ. ബ്രഹ്മാവാണ് രഥമായി മാറുന്നത്. ഈ രഥത്തിലൂടെയാണ് ബാബ ഇത്രയും കാര്യങ്ങൾ ചെയ്യുന്നത്. പേരുതന്നെ കോടിമടങ്ങ് ഭാഗ്യശാലിയായ രഥം എന്നാണ്. എങ്ങനെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാം എന്ന് ചിന്തിക്കൂ. മനുഷ്യർക്ക് എത്ര ലഹരിയാണ്. ഇപ്പോൾ നിങ്ങൾ അച്ഛന്റെ പരിചയം നൽകണം. ജ്ഞാനസാഗരനായ അച്ഛന്റെ പക്കൽ മാത്രമാണ് ജ്ഞാനമുള്ളത്. ബാബ എപ്പോഴാണോ വരുന്നത് അപ്പോഴാണ് നമുക്ക് നൽകുന്നത്, അതുവരെ ആർക്കും ജ്ഞാനം നൽകാൻ സാധിക്കില്ല. ഭക്തർ എല്ലാവരും ഭക്തിചെയ്തുകൊണ്ടുതന്നെയാണിരിക്കുന്നത്. ജ്ഞാനം ഒരേ ഒരു അച്ഛനാണ് നൽകുന്നത്. ജ്ഞാനത്തിന്റെ സ്ഥായിയായ ഒരു പുസ്തകവും ഉണ്ടാക്കിയിട്ടില്ല. ജ്ഞാനം കാതുകൾകൊണ്ട് കേൾക്കാനുള്ളതാണ്. ഈ പുസ്തകങ്ങൾ എന്തെല്ലാം നിങ്ങൾ സൂക്ഷിക്കുന്നുണ്ടോ അതെല്ലാം താല്ക്കാലികമാണ്. ഇതും അവസാനിക്കും. നിങ്ങൾ കുറിപ്പുകൾ തയ്യാറാക്കുന്നു ഇതും നശിക്കുന്നതാണ്. ഇത് തന്റെ പുരുഷാർത്ഥത്തിന് വേണ്ടിമാത്രമാണ്. അച്ഛൻ പറയുന്നു ടോപ്പിക്കുകളുടെ ലിസ്റ്റ് ഉണ്ടാക്കൂ എങ്കിൽ ഓർമ്മ വരും പക്ഷേ ഇതും അറിയാവുന്നതാണ് ഈ പുസ്തകങ്ങൾ ഒന്നും അവശേഷിക്കില്ല. നിങ്ങളുടെ ബുദ്ധിയിൽ ഓർമ്മ മാത്രം ഉണ്ടാകും. ആത്മാവ് പൂർണ്ണമായും അച്ഛനെപ്പോലെ സമ്പന്നമായി മാറും. ബാക്കി എന്തെല്ലാം പഴയ സാധനങ്ങൾ ഈ കണ്ണുകൾകൊണ്ടു കാണുന്നുണ്ടോ അതെല്ലാം നശിച്ചുപോകും. അവസാനം ഒന്നും ഉണ്ടാകില്ല.

അച്ഛൻ അവിനാശീ സർജനാണ്. ആത്മാവും അവിനാശിയാണ്. ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നു. ദിനംപ്രതിദിനം ഏത് ശരീരമാണോ ലഭിക്കുന്നത് അത് മോശമായത് തന്നെയാണ്. ഇപ്പോൾ

നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ ശ്രേഷ്ഠാചാരിയായി മാറിക്കൊണ്ടിരിക്കുകയാണ്. അച്ഛൻ തന്നെയാണ് ആക്കിമാറ്റുന്നത്. സാധു സന്യാസിമാരല്ലല്ലോ ആക്കി മാറ്റുന്നത്. അച്ഛൻ നിങ്ങളെ ശ്രേഷ്ഠാചാരിയാക്കി മാറ്റുന്നു. ബാബ പറയുന്നു– മധുരമായ കുട്ടികളേ, ഞാൻ നിങ്ങളെ എന്റെ കണ്ണുകളിൽ ഇരുത്തി കൂടെക്കൊണ്ടുപോകും. ആത്മാവും ഇവിടെ കണ്ണുകൾക്കരികിലാണ് ഇരിക്കുന്നത്. അച്ഛൻ പറയുന്നു അല്ലയോ ആത്മാക്കളേ നിങ്ങൾ എല്ലാവരേയും സംതൃപ്തരാക്കി കൂടെക്കൊണ്ടുപോകും. ബാക്കി കുറച്ച് സമയമേയുള്ളൂ. ഇപ്പോൾ പരിശ്രമിക്കൂ. തന്റെ ഹൃദയത്തോടു ചോദിക്കൂ– ഞാൻ മധുരമായ അച്ഛനെ എത്ര സമയം ഓർമ്മിക്കുന്നുണ്ട്? ഹീരയും റാഞ്ചയും തമ്മിലുള്ള സ്നേഹം വികാരത്തിനുവേണ്ടിയുള്ളതായിരുന്നില്ല. സത്യമായ സ്നേഹമായിരുന്നു. ഓർമ്മിക്കുമ്പോൾത്തന്നെ രൂപം മുന്നിൽ വരുമായിരുന്നു. രണ്ടുപേരും പരസ്പരം കണ്ടുമുട്ടുമായിരുന്നു. അച്ഛൻ പറയുന്നു നിങ്ങളും ഇതുപോലെയായി മാറു. അവർ ഒരു ജന്മത്തിലെ പ്രിയതമനും പ്രിയതമയുമായിരുന്നു, നിങ്ങളാണെങ്കിൽ ജന്മജന്മാന്തരങ്ങളിലേതാണ്. ഈ കാര്യങ്ങൾ ഈ സമയത്താണ് സംഭവിക്കുന്നത്. പ്രിയതമൻ–പ്രിയതമ എന്ന വാക്കുകളും സ്വർഗ്ഗത്തിലില്ല. അവരും പവിത്രമായിരിക്കുന്നു. മനസ്സിൽ സങ്കല്പം വന്നു, ഉടൻ മുന്നിൽ നിൽക്കുന്നു സന്തോഷമായി. നിങ്ങൾ കുട്ടികൾക്കാണെങ്കിൽ കാണാനായി ഇവിടെ ഒന്നുമില്ല. ഈ സമയത്ത് നിങ്ങൾ കേവലം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കു എന്നിട്ട് പ്രിയതമനായ അച്ഛനെ ഓർമ്മിക്കൂ. ആത്മാവാണെന്ന് മനസ്സിലാക്കി വളരെ സന്തോഷത്തോടെ അച്ഛനെ ഓർമ്മിക്കണം. അച്ഛൻ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ ഇങ്ങനെയുള്ള പ്രിയതമകളായിരുന്നു, പ്രിയതമനിൽ ബലിയർപ്പണമാകുമായിരുന്നു. അല്ലയോ പ്രിയതമാ അങ്ങു വരുകയാണെങ്കിൽ ഞങ്ങൾ അങ്ങയിൽ സമർപ്പണമാകും. ഇപ്പോൾ പ്രിയതമൻ വന്നിരിക്കുന്നു, എല്ലാവരേയും സുന്ദരമാക്കാൻ. ആര് എങ്ങനെയായിരുന്നുവോ അങ്ങനെയാക്കി മാറ്റാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ വെളുത്തവരായി മാറുമ്പോൾ ശരീരവും വെളുത്തതാകും. ആത്മാവിൽത്തന്നെയാണ് അഴുക്ക് പിടിക്കുന്നത്. ഇപ്പോൾ നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ അഴുക്ക് ഇല്ലാതാകും. ഇവിടേയ്ക്ക് നിങ്ങൾ കുട്ടികൾ വരുന്നു, ഇവിടെയുള്ള ഏകാന്തത വളരെ നല്ലതാണ്. പാതിരിമാരും കാൽനടയായി യാത്ര ചെയ്യുന്നു, തീർത്തും സൈലൻസിൽ ഇരിക്കുന്നു. മാല എപ്പോഴും അവരുടെ കൈയ്യിലുണ്ടാകും. ആരെയും കാണുന്നുപോലുമുണ്ടാകില്ല. പതുക്കെ പതുക്കെ നടന്നുനീങ്ങും. അവർ ക്രിസ്തുവിനെയാണ് ഓർമ്മിച്ചുകൊണ്ടിരിക്കുന്നത്. അച്ഛനെ അറിയുന്നേയില്ല. എന്നെക്കുറിച്ച് പറയുന്നത് നാമരൂപങ്ങളിൽ നിന്ന് വേറിട്ടത് എന്നാണ്. ഇപ്പോൾ ബിന്ദുവിനെ എങ്ങനെ കാണും! ബിന്ദുവിനെ എങ്ങനെ ഓർമ്മിക്കണം എന്നത് ആർക്കും അറിയില്ല. നിങ്ങൾക്ക് ഇപ്പോൾ അറിയാൻ കഴിഞ്ഞു അതിനാലാണ് നിങ്ങൾ ഇവിടേയ്ക്ക് വരുന്നത്. മധുബനെക്കുറിച്ച് പാട്ടുമുണ്ട്. നിങ്ങൾ വരുന്നത് ഇവിടേയ്ക്കാണ്, ഇതാണ് സത്യം സത്യമായ മധുബൻ. എത്ര സാധിക്കുമോ അത്രയും ഏകാന്തമായി ഓർമ്മയിൽ ഇരിക്കു. ആരെയും നോക്കരുത്. മുകളിൽ മട്ടുപ്പാവുകളുണ്ട്. അതിരാവിലെ ബാബയുടെ ഓർമ്മയിൽ മട്ടുപ്പാവിലേയ്ക്ക് പോകൂ, വളരെ രസം തോന്നും. ഒരു മണിക്കോ രണ്ടുമണിക്കോ ഉണരുന്നതിനുള്ള പരിശ്രമം ചെയ്യു. നിങ്ങൾ ഉറക്കത്തെ ജയിക്കുന്നവരാണ്. രാത്രിയിൽ നേരത്തേ ഉറങ്ങൂ. പിന്നീട് ഒരുമണിക്കോ രണ്ടുമണിക്കോ ഉണർന്ന് മട്ടുപ്പാവിൽച്ചെന്ന് ഏകാന്തതയിൽ അച്ഛന്റെ ഓർമ്മയുടെ യാത്ര ചെയ്തുകൊണ്ടിരിക്കൂ. വളരെ അധികം സമ്പാദിക്കണം. അച്ഛനെ ഓർമ്മിച്ചുകൊണ്ട് അച്ഛനെ മഹിമ ചെയ്യുന്നതിൽ മുഴുകൂ. പരസ്പരം ഈ നിർദ്ദേശം പങ്കുവെയ്ക്കു. ബാബ എത്ര മധുരമാണ്, ബാബയെ ഓർമ്മിക്കുന്നതിലൂടെയേ പാപം ഇല്ലാതാകൂ. ഇവിടെ വളരെ അധികം സമ്പാദിക്കാൻ സാധിക്കും. അതിനുള്ള അവസരങ്ങൾ ഇവിടെ നന്നായി ലഭിക്കുന്നുണ്ട്. വീട്ടിലിരിക്കുമ്പോൾ നിങ്ങൾക്ക് ചെയ്യാൻ സാധിക്കില്ല. സമയം കിട്ടുന്നേയില്ല. ലോകത്തിന്റെ വൈബ്രേഷനും പരിസ്ഥിതിയും വളരെ മോശമായിരിക്കും. ഓർമ്മയുടെ യാത്ര ഇത്രത്തോളം അവിടെ നടക്കില്ല. ഇപ്പോൾ ഇതിൽ എഴുതാനെന്തിരിക്കുന്നു. പ്രിയതമനും പ്രിയതമയും എന്താ എഴുതാറുണ്ടോ! ഉള്ളിൽ നോക്കണം ഞാൻ ആർക്കും ദുഃഖം നൽകിയില്ലല്ലോ? ഇവിടേയ്ക്ക് നമ്മൾ വന്നിരിക്കുന്നത് സമ്പാദിക്കാനാണ് അതിനാൽ പരിശ്രമിക്കൂ, മുകളിലെ മട്ടുപ്പാവിൽചെന്ന് ഏകാന്തമായിരിക്കൂ. ഖജനാവുകളെ ശേഖരിക്കൂ. ഇത് സമ്പാദിക്കുന്നതിനുള്ള സമയമാണ്. 7 ദിവസം അല്ലെങ്കിൽ 5 ദിവസം വരുന്നു, മുരളി കേട്ടശേഷം പോയി ഏകാന്തമായിരിക്കണം. ഇവിടെ വീട്ടിലാണ് ഇരിക്കുന്നത്. അച്ഛനെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾക്കായി സമ്പാദ്യം സ്വരൂപിക്കപ്പെടും. വളരെ അധികം മാതാക്കൾ ബന്ധനസ്ഥരാണ്. ഓർമ്മിക്കുന്നു– ശിവബാബാ ഞങ്ങളെ ബന്ധനത്തിൽ നിന്നും മുക്തമാക്കൂ എന്ന് പറയുന്നു. വികാരത്തിനുവേണ്ടി എത്ര ഉപദ്രവിക്കുന്നു. കളി കാണിച്ചിട്ടില്ലേ– ദ്രൗപദിയുടെ വസ്ത്രാക്ഷേപം ചെയ്യുന്നതായി. നിങ്ങൾ എല്ലാവരും ദ്രൗപദിമാരല്ലേ. അതിനാൽ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കണം. ബാബ അനേകം യുക്തികൾ പറഞ്ഞുതരുന്നു. ഇതിൽ സ്നാനം ചെയ്യുന്നതിന്റെ ഒരു കാര്യവുമില്ല. ങ്ഹാ, അഥവാ ടോയ്ലറ്റിൽ പോവുകയാണെങ്കിൽ തീർച്ചയായും സ്നാനം ആവശ്യമാണ്. മനുഷ്യരാണെങ്കിൽ സ്നാനം ചെയ്യുമ്പോഴും ഏതെങ്കിലും ദേവതയേയോ ഭഗവാനേയോ ഓർമ്മിക്കുന്നു. മുഖ്യമായ കാര്യം ഓർമ്മയാണ്. ജ്ഞാനം വളരെ അധികം ലഭിച്ചിട്ടുണ്ട്. 84 ജന്മങ്ങളുടെ ചക്രത്തിന്റെ

ജ്ഞാനമുണ്ട്. തന്റെ ഉള്ളിലേക്ക് നോക്കൂ. അവനവനോടു ചോദിക്കൂ- ഇങ്ങനെയുള്ള മധുര മധുരമായ അച്ഛനെ, നമ്മളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്ന അച്ഛനെ മുഴുവൻ ദിവസത്തിൽ എത്ര സമയം ഓർമ്മിച്ചു? മനസ്സ് പായുന്നില്ലല്ലോ? എവിടേയ്ക്ക് പായാനാണ്, വേറെ ലോകം തന്നെയില്ലല്ലോ. ഇതെല്ലാം അവസാനിക്കാനുള്ളതാണ്, നമ്മളും ബാബയും മാത്രമേ ബാക്കിയുണ്ടാകൂ. ഇങ്ങനെ ഇങ്ങനെ ഉള്ളിൽ സംസാരിച്ചുകൊണ്ടിരിക്കൂ എങ്കിൽ വളരെ അധികം ആനന്ദമുണ്ടാകും. ഇവിടേയ്ക്ക് ആരെല്ലാം വരുന്നുണ്ടോ അവരെല്ലാവരും പഴയ ഭക്തരാണ്, ആരാണോ വരാത്തത് അവർ ഇന്നത്തെ ഭക്തരാണ്. അവർ വൈകിയേ വരൂ. തുടക്കം മുതൽ ഭക്തിചെയ്തവർ തീർച്ചയായും അച്ഛനിൽ നിന്നും സമ്പത്ത് എടുക്കാൻ വരും. ഇത് ഗുപ്തമായ പരിശ്രമമാണ്. ആരാണോ ധാരണ ചെയ്യാത്തത് അവർ ഒരു പരിശ്രമവും ചെയ്യുന്നില്ല. ഇവിടേയ്ക്ക് നിങ്ങൾ വരുന്നത് തന്നെ റിഫ്രഷ് ആകുന്നതിനുവേണ്ടിയാണ്. സ്വയം പരിശ്രമിക്കൂ. ഒരാഴ്ചകൊണ്ട് നിങ്ങൾക്ക് ഇവിടെ ഇത്രയും സമ്പാദിക്കാൻ സാധിക്കും അത് അവിടെ 12 മാസം കൊണ്ട് സമ്പാദിക്കാൻ കഴിയില്ല. ഇവിടെ 7 ദിവസം കൊണ്ട് നിങ്ങൾക്ക് മുഴുവൻ കുറവുകളേയും നികത്താൻ സാധിക്കും. അച്ഛൻ നിർദ്ദേശം നൽകുകയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം -

1. ഏകാന്തമായിരുന്ന് അച്ഛനെ ഓർമ്മിച്ച് സമ്പാദ്യം സ്വരൂപിക്കണം. തന്റെ ഉള്ളിൽ പരിശോധിക്കണം- ഓർമ്മയുടെ സമയത്ത് മനസ്സ് പായുന്നില്ലല്ലോ? ഞാൻ എത്ര സമയം മധുരമായ അച്ഛനെ ഓർമ്മിക്കുന്നുണ്ട്?

2. സദാ ഈ സന്തോഷത്തിൽ കഴിയണം, ബാബ നമ്മളെ രാവണന്റെ കൂട്ടിൽ നിന്നും മുക്തമാക്കി, ഇപ്പോൾ നമ്മൾ പോകുന്ന ലോകത്ത് അമിതമായ ചൂടുണ്ടാകില്ല, അതിയായ തണുപ്പും ഉണ്ടാകില്ല. അവിടെ സദാ വസന്തഋതുവാണ്.

## വരദാനം:- എന്റേതിനെ നിന്റേതിലേക്ക് പരിവർത്തനപ്പെടുത്തി ചിന്തയില്ലാത്ത ചക്രവർത്തിയായി മാറുന്ന സന്തോഷത്തിന്റെ ഖജനാവുകളാൽ നിറവുള്ളവരായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ എല്ലാം തന്നെ നിന്റേതിലേക്ക് മാറ്റിയത് അവർ തന്നെയാണ് ചിന്തയില്ലാത്തവരായിരിക്കുന്നത്. എന്റേതായി ഒന്നും തന്നെയില്ല, എല്ലാം നിന്റേത്.......എപ്പോൾ അപ്രകാരം പരിവർത്തനം നടത്തുന്നുവോ അപ്പോൾ ചിന്തയില്ലാത്തവരായി മാറുന്നു. ജീവിതത്തിൽ ഓരോരുത്തരും ചിന്തയില്ലാത്തവരായിരിക്കാൻ ആഗ്രഹിക്കുന്നു, എവിടെ ചിന്തയില്ലയോ അവിടെ സദാ സന്തോഷമുണ്ടായിരിക്കും. അതിനാൽ നിന്റേത് എന്ന് പറയുന്നതിലൂടെ, നിശ്ചിന്തരാകുന്നതിലൂടെ സന്തോഷത്തിന്റെ ഖജനാവുകളാൽ നിറവുള്ളവരായി മാറുന്നു. താങ്കൾ ചിന്തയില്ലാത്ത ചക്രവർത്തിമാരുടെയടുത്ത് എണ്ണമറ്റ, അളവറ്റ, അവിനാശിയായ ഖജനാവുണ്ട്, അത് സത്യയുഗത്തിൽ പോലും ഉണ്ടാകില്ല.

## സ്ലോഗൻ:- ഖജനാവുകളെ സേവനത്തിൽ ഉപയോഗിക്കുക അർത്ഥം സമ്പാദ്യത്തിന്റെ കണക്ക് വർദ്ധിപ്പിക്കുക.